**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **12-06-2024 - ൽ മറുപടിയ്ക്ക്**

**മുണ്ടയോട് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ മുണ്ടയോട് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഒരു കോടി രൂപ റോഡുകളുടെ കോൺക്രീറ്റ് പ്രവൃത്തിക്ക് അനുവദിച്ചിട്ടുണ്ടോ വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ മുണ്ടയോട് പട്ടികവർഗ്ഗ സങ്കേതത്തിനെ 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നതിനായി 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഊരുകൂട്ടത്തിന്റെയും നാട്ടുകാരുടെയും നിരന്തര ആവശ്യത്തെതുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് നിർമ്മിതി കേന്ദ്രം മുഖേന ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും നോൺ പി.എം.സി വ്യവസ്ഥ പ്രകാരം നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് " Cost effective works” ഇനത്തിൽപ്പെട്ട പ്രവർത്തികൾ മാത്രമേ നോൺ പി.എം.സി ആയി നിർവ്വഹിക്കുന്നതിന് വ്യവസ്ഥയുള്ളൂ. നിലവിൽ സമർപ്പിച്ചിരിക്കുന്ന ഡി.പി.ആർ ൽ ഉൾപ്പെട്ട പ്രവർത്തികൾ മേൽ വിഭാഗത്തിൽ ഉൾപ്പെടുന്നവയല്ല. ആയതിനാൽ ടി പ്രവർത്തികൾ നോൺ പി.എം.സി ആയി നിർവ്വഹിക്കുന്നതിന് നിർവ്വാഹമില്ല എന്നും, കൂടാതെ, പി.എം.സി ആയി ടി പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് തയ്യാറല്ല എന്നും ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. |
| (സി) | നിർമ്മിതി കേന്ദ്രത്തിന് പ്രത്യേക അനുമതി നൽകിയോ അല്ലെങ്കിൽ മറ്റ് നടപടികളിലൂടെയോ മുണ്ടയോട് - കടവിൽ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | മുണ്ടയോട് - കടവിൽ റോഡ് കോൺക്രീറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയോ, മറ്റ് ഏജൻസികൾ മുഖേനയോ ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. ഗ്രാമപഞ്ചായത്ത് തയ്യാറാണെങ്കിൽ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ